**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2305**
**23-03-2012 - ൽ മറുപടിയ്ക്ക്**

## സിഡ്കോയുടെ മേൽനോട്ടത്തിലുള്ള വ്യവസായ പാർക്കുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. ഐഷാ പോറ്റി | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സിഡ്കോയുടെ മേൽ നോട്ടത്തിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ വ്യവസായ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഓരോ നിയോജക മണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി സിഡ്കോ ഏഴ് വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നിയമസഭാ സാമാജികർ, ത്രിതല പഞ്ചായത്ത് അധികാരികൾ എന്നിവരുടെ സഹകരണത്തോടെ വ്യവസായ പാർക്കുകൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൗണ്ട്കടവ്, ചെറുവയ്ക്കൽ, കഠിനംകുളം, അണ്ടൂർക്കോണം, തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ, താമരശ്ശേരി, കണ്ണൂർ ജില്ലയിലെ പെരിങ്ങോംവയക്കര എന്നിവിടങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. |
| (ബി) ഹൈമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനം സിഡ്കോ നേരിട്ടാണോ ഇതര ഏജൻസികൾ വഴിയാണോ നടപ്പിലാക്കുന്നത്;<br><br>(സി) ഏജൻസികൾ വഴിയാണ് പ്രസ്തുത നിർമ്മാണം നടത്തുന്നതെങ്കിൽ സിഡ്കോ അംഗീകരിച്ചിട്ടുള്ള ഏജൻസികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) യും (സി) യും : സിഡ്കോയിൽ എംപാനൽ ചെയ്തിട്ടുള്ള താഴെപ്പറയുന്ന ഏജൻസികൾ മുഖാന്തിരമാണ് ഹൈമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനം നടപ്പിലാക്കുന്നത്.<br><br>1) M/s. R.G. Electronics, Padinjattinkara, Kottarakkara, Kollam Dist – 691506. (Authorised dealer of Bajaj)<br>2) M/s. Easy India, Kalyan Hospital Road, TC-39/1492, Raj Tower, Aryasala, Manacaud Post, Thiruvananthapuram. (Authorised dealer of Philips) |

സെക്ഷൻ ഓഫീസർ